# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 12.03.2025** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1.) രാജ്യത്തിന്റെ സമഗ്ര വികസനത്തിന് യുവജനങ്ങളുടെ പങ്ക് നിർണായകമാണെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു.

**Youth plays major role in comprehensive development of the country, says President Droupadi Murmu while addressing the 72nd Convocation of Panjab University.**

2) മൗറീഷ്യസ് ദേശീയ ദിനാഘോഷങ്ങളിൽ പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് വിശിഷ്ടാതിഥിയായി പങ്കെടുക്കും.

**Prime Minister to be Guest of Honour at National Day celebrations of Mauritius today.**

3) പാർലമെന്റിന്റെ ഇരുസഭകളിലും നടപടിക്രമങ്ങൾ പുരോഗമിക്കുന്നു. ധനാഭ്യർത്ഥനയിന്മേലുള്ള ചർച്ചകൾ നിയമസഭയിൽ തുടരുന്നു.

**Session in progress in both the houses of Parliament. Demand for grants discussion ongoing in Kerala Assembly**

4) ലോക പ്രസിദ്ധമായ ആറ്റുകാൽ പൊങ്കാല നാളെ. തലസ്ഥാന നഗരിയിലേക്കെത്തി ഭക്തജനസഹസ്രങ്ങൾ.

**Attukal Pongala ritual to be held tomorrow in Thiruvananthapuram.**

5) ഇന്ത്യൻ സ്വാതന്ത്യസമര ചരിത്രത്തിലെ സുപ്രധാന സംഭവമായ ദണ്ഡി യാത്രയ്ക്ക് ഇന്ന് 95 വയസ്സ്.

**Country celebrates the 95th anniversary of the historic Dandi March today.**

6) ഐ.എസ്.എൽ ഫുട്ബോളിൽ ഇന്ന് കേരള ബ്ലാസ്റ്റേഴ്സ് - ഹൈദരാബാദ് എഫ്.സിയെ നേരിടും .

**In ISL, Kerala Blasters will take on Hyderabad FC today.**

$$$$$$$$$$$$$$$$$$$$$$$$

## HEADLINE-1

**President (intro)/**

*രാജ്യത്തിന്റെ സമഗ്ര വികസനത്തിന് യുവജനങ്ങളുടെ പങ്ക് നിർണായകമാണെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു. ചണ്ഡീഗഡിൽ, പഞ്ചാബ് സർവകലാശാലയുടെ 72 -ാമത് ബിരുദദാന ചടങ്ങിനെ അഭിസംബോധന ചെയ്യുകയായിരുന്നു രാഷ്ട്രപതി. വികസനം പൂർണതയിൽ എത്തണമെങ്കിൽ സമൂഹത്തിന്റെ എല്ലാ ശ്രേണിയിലുമുള്ള ജനങ്ങളുടെ ഉന്നമനം ഉറപ്പാക്കണമെന്ന് രാഷ്ട്രപതി പറഞ്ഞു. ഇതിനായി യുവജനങ്ങൾ മുന്നിട്ടിറങ്ങണമെന്നും രാഷ്ട്രപതി ആഹ്വാനം ചെയ്തു. (ഹോൾഡ് വോയിസ് )*

$$$$$$$$$$$$$$$$$$$$$$$$

## HEADLINE-2

**PM-Mauritius**

മൗറീഷ്യസ് ദേശീയ ദിനാഘോഷങ്ങളിൽ പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് വിശിഷ്ടാതിഥിയായി പങ്കെടുക്കും. ഇന്ത്യയിൽ നിന്നുള്ള മാർച്ചിങ്ങ് സംഘവും, വ്യോമസേനയുടെ ആകാശഗംഗ സ്കൈഡൈവിംഗ് ടീമും, നാവികസേന കപ്പൽ 'ഇംഫാലും' ആഘോഷങ്ങളിൽ പങ്കുചേരും. ഇത് രണ്ടാം തവണയാണ് മൗറീഷ്യസ് ദേശീയ ദിനാഘോഷത്തിൽ ശ്രീ മോദി മുഖ്യാതിഥിയാകുന്നത്. മൗറീഷ്യസ് പ്രധാനമന്ത്രി നവീൻ ചന്ദ്ര രംഗൂലം ഉൾപ്പെടെയുള്ള നേതാക്കളുമായി ശ്രീ മോദി ഇന്നലെ പോർട്ട് ലൂയിസിൽ കൂടിക്കാഴ്ച നടത്തിയിരുന്നു. പ്രതിരോധം, സുരക്ഷ, സാമ്പത്തികം, സാംസ്കാരിക വിനിമയം എന്നിവയിലെ സഹകരണം ഇരു നേതാക്കളും ചർച്ച ചെയ്തു. മൗറീഷ്യസിലെ ഇന്ത്യൻ സമൂഹത്തെയും ശ്രീ മോദി അഭിസംബോധന ചെയ്തു. ഇന്ത്യ സ്വന്തം കുടുംബമായാണ് മൗറീഷ്യസിനെ കാണുന്നതെന്നും, രാജ്യത്തിന്റെ വികസന പ്രവർത്തനങ്ങളിൽ എല്ലാ പിന്തുണയും നൽകുമെന്നും അദ്ദേഹം പറഞ്ഞു. പ്രധാനമന്ത്രിയുടെ മൗറീഷ്യസ് സന്ദർശനത്തിന്റെ രണ്ടാം ദിനമായ ഇന്ന് എട്ട് ധാരണാപത്രങ്ങളിലും ഇരു രാജ്യങ്ങളും ഒപ്പുവച്ചു.

$$$$$$$$$$$$$$$$$$$$$$$

# HEADLINE-3

## PARLIAMENT

പാർലമെന്റിന്റെ ഇരുസഭകളിലും നടപടി ക്രമങ്ങൾ പുരോഗമിക്കുന്നു. ചോദ്യോത്തരവേള തുടരുകയാണ്. രാജ്യത്തെ അംഗനവാടി പ്രവർത്തകരുടെ ക്ഷേമത്തിനായി സർക്കാർ നിരവധി പ്രവർത്തനങ്ങൾ നടത്തിവരുന്നതായി കേന്ദ്രമന്ത്രി സാവിത്രി താക്കൂർ രാജ്യസഭയെ അറിയിച്ചു. മികച്ച ആരോഗ്യ പരിരക്ഷ ഉറപ്പാക്കുന്നതിനായി ആയുഷ്മാൻ ഭാരത്, ജീവൻ ജ്യോതി തുടങ്ങിയ പദ്ധതികളിൽ അംഗനവാടി പ്രവർത്തകരെ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും ചോദ്യോത്തരവേളയിൽ മന്ത്രി വ്യക്തമാക്കി.

$$$$$$$$$$$$$$$$$$$$$$$

## ASSEMBLY–P.PRASAD

കേരള നിയമസഭയിലും നടപടിക്രമങ്ങൾ പുരോഗമിക്കുകയാണ്. ധനാഭ്യാർത്ഥനയിന്മേലുള്ള ചർച്ചകൾ സഭയിൽ തുടരുന്നു.

രാസവളത്തിന്റെ വില കുറയ്ക്കാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുമെന്ന് രാവിലെ നടന്ന ചോദ്യോത്തര വേളയിൽ കൃഷി മന്ത്രി പി പ്രസാദ് പറഞ്ഞു. സംസ്ഥാനത്ത് പച്ചക്കറി ഉത്പാദനം വർധിച്ചതായും നെല്ല് സംഭരണത്തെ അട്ടിമറിക്കുന്നതിനെതിരെ ശക്തമായ നടപടികൾ സ്വീകരിച്ചെന്നും മന്ത്രി അറിയിച്ചു. ലഹരി മരുന്ന് ഉപയോഗത്തിനെതിരെ കായിക വകുപ്പിന്റെ നേതൃത്വത്തിൽ കാസർഗോഡ് മുതൽ തിരുവനന്തപുരം വരെ ശക്തമായ പ്രചാരണം ആരംഭിക്കുമെന്ന് മന്ത്രി വി.അബ്ദുറഹിമാൻ ചോദ്യത്തരവേളയിൽ പറഞ്ഞു.

$$$$$$$$$$$$$$$$$$$$$$$$

**R BINDU – ASSEMBLY**

യു ജി സിയുടെ കാഴ്ച്ചപ്പാടിൽ നിന്ന് വ്യത്യസ്തമായി ഭാഷാ പഠനത്തെ വൈവിദ്ധ്യവത്കരണത്തിലൂടെ സമീപിക്കുന്ന രീതിയാണ് കേരളം സ്വീകരിച്ചിട്ടുള്ളതെന്ന് ഉന്നത വിദ്യാഭ്യാസ മന്ത്രി ആർ ബിന്ദു. 4 ഭാഷകൾ പഠിക്കാനും വിദ്യാർത്ഥികൾക്ക് അഭിരുചിക്ക് അനുസരിച്ച് ഭാഷകൾ തിരഞ്ഞെടുക്കാനും അവസരമുണ്ടെന്ന് മന്ത്രി നിയമസഭയിൽ വ്യക്തമാക്കി.

$$$$$$$$$$$$$$$$$$$$$$$$

**PRADHAN-DMK**

തമിഴ്നാട്ടിൽ PM-SHRI സ്കൂളുകൾ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് ഡി.എം.കെ പാർലമെന്റിൽ നുണ പ്രചാരണം നടത്തുകയാണെന്ന് കേന്ദ്ര വിദ്യാഭ്യാസ മന്ത്രി ധർമേന്ദ്ര പ്രധാൻ. തമിഴ്നാട് വിദ്യാഭ്യാസ വകുപ്പിൽ നിന്നുള്ള സമ്മതപത്രവും ശ്രീ.പ്രധാൻ സമൂഹ മാധ്യമത്തിൽ പങ്കുവച്ചു. ദേശീയ വിദ്യാഭ്യാസ നയത്തിൽ ഡി.എം.കെ നിലപാട് മാറ്റിയതായി ആരോപിച്ച കേന്ദ്രമന്ത്രി, തമിഴ്നാട്ടിലെ കുട്ടികളുടെ ഭാവിക്ക് മുൻഗണന നൽകണമെന്നും ആവശ്യപ്പെട്ടു. പിഎം ശ്രീ വിദ്യാലയങ്ങൾ തമിഴ്നാട്ടിൽ ആരംഭിക്കാൻ താത്പര്യം വ്യക്തമാക്കുന്ന ചീഫ് സെക്രട്ടറിയുടെ കത്തിൽ, ഇതിനായി സംസ്ഥാന തല സമിതി രൂപീകരിക്കുമെന്നും പറയുന്നുണ്ട്. സമിതിയുടെ ശുപാർശകൾക്ക് അനുസരിച്ചായിരിക്കും പിഎം ശ്രീ വിദ്യാലയങ്ങൾ സംബന്ധിച്ച ധാരണാപത്രത്തിൽ തമിഴ്നാട് ഒപ്പുവയ്ക്കുകയെന്നും കഴിഞ്ഞ വർഷം മാർച്ചിൽ എഴുതിയ കത്തിൽ വ്യക്തമാക്കുന്നു.

$$$$$$$$$$$$$$$$$$$$$$$$

**ബ്രേക്ക്**

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്**.......**

$$$$$$$$$$$$$$$$$$$$$$$$

## HEADLINE-4

**ATTUKAL PONKALA (INTRO)**

***ലോക പ്രസിദ്ധമായ ആറ്റുകാൽ പൊങ്കാല നാളെ. രാവിലെ 9.45 ന് ശുദ്ധ പുണ്യാഹത്തോടെ പൊങ്കാല സമർപ്പണ ചടങ്ങുകൾ ആരംഭിക്കും. പണ്ടാര അടുപ്പിൽ തീ പകർന്നു കഴിഞ്ഞാൽ ഭക്തരുടെ അടുപ്പുകളിലും അഗ്നി പകരും. ഉച്ചക്ക് 1.15 ഓടെ പൊങ്കാല നിവേദ്യം നടക്കും. പൊങ്കലക്കെത്തുന്ന ഭക്തർക്കായി കെ.എസ്.ആർ.ടി.സിയും, റെയിൽവേയും പ്രത്യേക സർവീസുകൾ നടത്തുന്നുണ്ട്.***

***വിശദാംശങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രെജു കോലിയക്കോട്.....***

***(വോയിസ്)***

$$$$$$$$$$$$$$$$$$$$$$$$

**CM-FINANCE MINISTER MEETING**

കേന്ദ്ര ധന മന്ത്രി നിർമ്മല സീതാരാമൻ, കേരള ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ, മുഖ്യമന്ത്രി പിണറായി വിജയൻ, സംസ്ഥാന സർക്കാരിന്റെ പ്രത്യേക പ്രതിനിധി കെ.വി തോമസ് എന്നിവരുമായി ന്യൂഡൽഹിയിലെ കേരള ഹൗസിൽ കൂടിക്കാഴ്ച നടത്തി. അനൗദ്യോഗിക സന്ദർശനമായിരുന്നു കേന്ദ്ര മന്ത്രിയുടേത്.

$$$$$$$$$$$$$$$$$$$$$$$$

**VIRAL MENINGITIS**

കൊച്ചിയിൽ വൈറൽ മെനിൻജൈറ്റിസ് ബാധിച്ച് അഞ്ചു കുട്ടികൾ സ്വകാര്യ ആശുപത്രികളിൽ ചികിത്സയിൽ. കളമശേരിയിലെ സ്വകാര്യ സ്കൂളിലെ ഒന്നും രണ്ടും ക്ലാസുകളിലെ വിദ്യാർത്ഥികളെ തലവേദന, ഛർദ്ദി, പനി എന്നിവയെ

തുടർന്ന് ഇന്നലെ ആശുപത്രിയിൽ പ്രവേശിപ്പിക്കുകയായിരുന്നു. മറ്റു കുട്ടികൾക്ക് രോഗബാധ ഉണ്ടാകാതിരിക്കാൻ സ്കൂൾ താത്കാലികമായി അടച്ചു.

$$$$$$$$$$$$$$$$$$$$$$$$

# HEADLINE-5

## PM-DANDI MARCH

ഇന്ത്യൻ സ്വാതന്ത്യസമര ചരിത്രത്തിലെ സുപ്രധാന സംഭവമായ ദണ്ഡി യാത്ര നടന്നിട്ട് ഇന്ന് 95 വർഷങ്ങൾ പൂർത്തിയാകുന്നു. ഉപ്പു സത്യാഗ്രഹത്തിന്റെ ഭാഗമായി 1930 മാർച്ച് 12 നാണ് ഗാന്ധിജിയുടെ നേതൃത്വത്തിൽ ദണ്ഡിയാത്ര നടന്നത്. സ്വാതന്ത്ര്യത്തിനും, പൂർണ്ണ സ്വരാജിനുമായുള്ള രാജ്യവ്യാപക പ്രസ്ഥാനത്തിന് ദണ്ഡി യാത്ര തിരികൊളുത്തിയതായി പ്രധാനമന്ത്രി നരേന്ദ്ര മോദി സാമൂഹ്യ മാധ്യമത്തിൽ കുറിച്ചു . ദണ്ഡി യാത്രയിൽ പങ്കെടുത്ത ധീരദേശാഭിമാനികളുടെ ധൈര്യവും ത്യാഗവും അചഞ്ചലമായ പ്രതിബദ്ധതയും തലമുറകളെ പ്രചോദിപ്പിക്കുന്നതായും പ്രധാനമന്ത്രി പറഞ്ഞു.

$$$$$$$$$$$$$$$$$$$$$$$$

# HEADLINE-6

## I S L

ഐ.എസ്.എൽ ഫുട്ബോളിൽ ഇന്ന് കേരള ബ്ലാസ്റ്റേഴ്സ് - ഹൈദരാബാദ് എഫ്.സിയെ നേരിടും. തെലങ്കാനയിലെ ജി.എം.സി ബാലയോഗി സ്റ്റേഡിയത്തിൽ രാത്രി 7.30 നാണ് മത്സരം. ഇന്നലെ നടന്ന മത്സരത്തിൽ ബംഗളൂരുവിനെ എതിരില്ലാത്ത 2 ഗോളിന് പരാജയപ്പെടുത്തി മുംബൈ സിറ്റി പ്ലേ ഓഫിൽ ഇടം നേടി. മോഹൻബഗാൻ, എഫ്.സി ഗോവ, ജംഷഡ്പുർ എഫ്.സി, നോർത്ത് ഈസ്റ്റ് യുണൈറ്റിഡ്, ബംഗളുരു എന്നിവയാണ് പ്ലേ ഓഫിൽ സ്ഥാനം പിടിച്ച മറ്റ് ടീമുകൾ.

$$$$$$$$$$$$$$$$$$$$$$$$

## Pak train Hijack

പാക്കിസ്ഥാനിലെ , ബലൂചിസ്ഥാൻ പ്രവിശ്യയിൽ ഭീകരർ റാഞ്ചിയ ട്രെയിനിൽ നിന്ന് 150-ലേറെ യാത്രക്കാരെ രക്ഷപ്പെടുത്തിയതായി പാക് ഭരണകൂടം. 27 ഭീകരരെ സുരക്ഷാ സേന വധിച്ചു. സൈനികർ ഉൾപ്പെടെ 214 പേരെ ബന്ദികളാക്കിയതായി, ആക്രമണത്തിന്റെ ഉത്തരവാദിത്തം ഏറ്റെടുത്ത് തീവ്രവാദ സംഘടനയായ ബലൂച് ലിബറേഷൻ ആർമി അറിയിച്ചിരുന്നു. 30ലധികം സൈനികരെ കൊലപ്പെടുത്തിയതായും ബിഎൽഎ വ്യക്തമാക്കി. 450 ലേറെ യാത്രക്കാരുമായി ക്വറ്റയിൽ നിന്ന് പെഷവാറിലേക്ക് പോവുകയായിരുന്ന ട്രെയിനാണ് ബൊലാൻ പർവത മേഖലയ്ക്ക് സമീപം ആക്രമിക്കപ്പെട്ടത്. ഭീകരരുമായി സുരക്ഷാ സേന ഏറ്റുമുട്ടൽ തുടരുകയാണ്.

$$$$$$$$$$$$$$$$$$$$$$$$$

## Ukraine-US

റഷ്യയുമായി 30 ദിവസത്തെ ഇടക്കാല വെടിനിർത്തലിനുള്ള നിർദേശം യുക്രൈൻ അംഗീകരിച്ചതായി അമേരിക്ക . യുക്രൈന് രഹസ്യാന്വേഷണ വിവരങ്ങൾ പങ്കിടുന്നതും സൈനിക സഹായം നൽകുന്നതും ഇതിന്റെ അടിസ്ഥാനത്തിൽ യു എസ് ഉടൻ പുനരാരംഭിക്കും. സൗദി അറേബ്യയിലെ ജിദ്ദയിൽ യുക്രേനിയൻ ഉദ്യോഗസ്ഥരുമായി നടത്തിയ കൂടിക്കാഴ്ചയ്ക്ക് ശേഷം യുഎസ് സ്റ്റേറ്റ് സെക്രട്ടറി മാർക്കോ റൂബിയോ മാധ്യമങ്ങളെ അറിയിച്ചതാണ് ഇക്കാര്യം. വെടിനിർത്തൽ സംബന്ധിച്ച് യു എസ് പ്രസിഡന്റ് ഡോണൾഡ് ട്രംപ് റഷ്യൻ പ്രസിഡന്റ് വ്ളാദിമിർ പുടിനുമായി ചർച്ച നടത്തും. അനുകൂല തീരുമാനം റഷ്യയിൽ നിന്ന് പ്രതീക്ഷിക്കുന്നതായി അമേരിക്ക അറിയിച്ചു.

$$$$$$$$$$$$$$$$$$$$$$$$$

## TRUMP - CANADA

കാനഡയിൽ നിന്നുള്ള സ്റ്റീൽ, അലുമിനിയം ഇറക്കുമതി തീരുവകൾ വീണ്ടും വർദ്ധിപ്പിച്ച് യുഎസ് പ്രസിഡന്റ് ഡോണൾഡ് ട്രംപ്. തുടക്കത്തിൽ 25 ശതമാനമായി നിശ്ചയിച്ചിരുന്ന തീരുവ 50 ശതമാനമായാണ് ഉയർത്തിയത്. അമേരിക്കൻ ഉപഭോക്താക്കൾക്കുള്ള വൈദ്യുതി നിരക്ക് വർദ്ധിപ്പിക്കാനുള്ള കാനഡയുടെ തീരുമാനത്തോടുള്ള അടിയന്തര പ്രതികരണമാണിത്. പുതിയ തീരുവ ഇന്ന് മുതൽ പ്രാബല്യത്തിൽ വരും.

$$$$$$$$$$$$$$$$$$$$$$$$

## MEA-INDIANS REPATRIATION

തെക്കുകിഴക്കൻ ഏഷ്യയിലെ സൈബർ കുറ്റകൃത്യ കേന്ദ്രങ്ങളിൽ നിന്ന് മോചിപ്പിച്ച 266 ഇന്ത്യക്കാരെ ഇന്ത്യൻ വ്യോമസേനാ വിമാനം വഴി സുരക്ഷിതമായി ഇന്നലെ തിരിച്ചെത്തിച്ചതായി കേന്ദ്ര സർക്കാർ . മ്യാൻമർ, തായ്‌ലൻഡ് സർക്കാരുകളുമായി സഹകരിച്ചാണ് ഇന്ത്യൻ എംബസികൾ ഇവരുടെ മോചനം ഉറപ്പാക്കിയതെന്ന്, വിദേശകാര്യ വക്താവ് രൺധീർ ജയ്സ്വാൾ പറഞ്ഞു. കഴിഞ്ഞ തിങ്കളാഴ്ചയും 283 പേരെ ഇത്തരത്തിൽ മടക്കിയെത്തിച്ചിരുന്നു.

$$$$$$$$$$$$$$$$$$$$$$$$

$$$$$$$$$$$$$$$

$$$$$$$$$$